Draft #2 of File 13173/AC A1-2/2023/AC A 1 (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 27-Apr-2023 02:33 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാല നൽകുന്ന വിവിധ സേവനങ്ങൾ - അക്രഡിറ്റേഷൻ/റീ അക്രെഡിറ്റേഷൻ ഏജൻസികൾക്ക് സമർപ്പിക്കുന്നതിനായി അഫിലിയേറ്റഡ് കോളേജുകൾക്ക് നൽകുന്ന വിവരങ്ങൾ വ്യക്തിഗത അപേക്ഷകളിന്മേലും ലഭ്യമാക്കുന്നത് - റിസൾട്ട് സ്റ്റാറ്റിസ്റ്റിക്സ് ലഭ്യമാക്കുന്നത് - ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4506/AC A 1/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 27.04.2023

---

*പരാമർശം:*-1.സർവ്വകലാശാല ഉത്തരവ് നമ്പർ. 3105/AC A1/2023/എം .ജി.യു തീയതി 18.03.2023
2.10.04.2023 - ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 231/23.02/13173/AC A1/2/2023/AC A1(PART 1)

**ഉത്തരവ്**

അഫിലിയേറ്റഡ് കോളേജുകൾ നാക് അക്രെഡിറ്റേഷൻ/ റീ അക്രെഡിറ്റേഷൻ ഉദ്ദേശ്യത്തിനായി, പ്രസ്തുത ഏജൻസിക്ക് സമർപ്പിക്കുന്നതിന് ഓരോ അദ്ധ്യയനവർഷത്തെയും സമാഹൃത വിവരങ്ങളടങ്ങിയ രേഖയ്ക്കായി സമർപ്പിയ്ക്കുന്ന അപേക്ഷകളിൽ വിവരങ്ങൾ ക്രോഡീകരിച്ച് നൽകുന്നതിന്, ഒരു അദ്ധ്യയന വർഷത്തെ സമാഹൃത വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖയ്ക്ക് രൂ. 5000/- (അയ്യായിരം രൂപ മാത്രം) എന്ന നിരക്കിൽ ഫീസ് നിശ്ചയിച്ചുകൊണ്ട് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തുടർന്ന് അക്രെഡിറ്റേഷൻ/റീ അക്രെഡിറ്റേഷൻ ഉദ്ദേശ്യത്തിനായി അഫിലിയേറ്റഡ് കോളേജുകൾക്ക് നൽകുന്ന രേഖകൾ വ്യക്തിഗത അപേക്ഷകളിന്മേൽ ലഭ്യമാക്കാവുന്നതാണോ എന്നതിലും റിസൾട്ട് സ്റ്റാറ്റിസ്റ്റിക്സ് ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന അപേക്ഷകളിൽ ടി സേവനത്തിനുള്ള ഫീസ് നിശ്ചയിക്കുന്നതിനായും വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

10.04.2023-ന കൂടിയ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (2) പ്രകാരം, പ്രസ്തുത വിഷയത്തിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. *"അക്രെഡിറ്റേഷൻ/റീ അക്രെഡിറ്റേഷൻ എന്നീ ഉദ്ദേശ്യത്തിനായി നൽകുന്ന രേഖകൾ അഫിലിയേറ്റഡ് കോളേജുകൾക്ക് നല്കുന്നവ മാത്രമായി പരിമിതപ്പെടുത്തേണ്ടതില്ലെന്നും, വ്യക്തിഗത അപേക്ഷകളിൻമേലും ടി ഫീസ് ഈടാക്കിക്കൊണ്ട് ടി രേഖകൾ നൽകുന്നതിനും, അപേക്ഷകൻ ആവശ്യപ്പെട്ടാൽ സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ ഉദ്ദേശ്യം കൂടി ഉൾപ്പെടുത്തി*

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

*നൽകുന്നതിനും ,*

*2.സർവകലാശാല ഉത്തരവ് നമ്പർ.3105/AC A1/2023/എം.ജി.യു. തീയതി ,18.03.2023 അഫിലിയേറ്റഡ് കോളേജുകൾക്കും വ്യക്തിഗത അപേക്ഷകളിന്മേലും ബാധകമാക്കുന്നതിനും UG പ്രോഗ്രാമുകളുടെ വിവരങ്ങൾക്കും PG പ്രോഗ്രാമുകളുടെ വിവരങ്ങൾക്കും വെവ്വേറെ ഫീസടച്ചുകൊണ്ട് അപേക്ഷ സമർപ്പിക്കുന്നതിനും.*

*3. ഒരു കോളേജിലെ ഒരു പ്രവേശന വർഷത്തെ വിവരങ്ങൾക്ക് നിർദ്ദിഷ്ട ഫീസും ബാധകമായ സെർച്ച് ഫീസും ഈടാക്കുന്നതിനും,*

- *ഒരു കോളേജിലെ ഒരു അധ്യയന വർഷത്തെ/ പ്രവേശന വർഷത്തെ യു.ജി പ്രോഗ്രാമുകൾ സംബന്ധിച്ച വിവരങ്ങൾ - Rs. 5000 + Search Fee*
- *ഒരു കോളേജിലെ ഒരു അധ്യയന വർഷത്തെ/ പ്രവേശന വർഷത്തെ പി.ജി പ്രോഗ്രാമുകൾ സംബന്ധിച്ച വിവരങ്ങൾ - Rs. 5000 + Search Fee*

*4.റിസൾട്ട് സ്റ്റാറ്റിസ്റ്റിക്സ് സംബന്ധമായ വിവരങ്ങൾ (കമ്പ്യൂട്ടറിൽ ലഭ്യമായവ മാത്രം) ആവശ്യപ്പെട്ടുകൊണ്ടുള്ള വ്യക്തിഗത അപേക്ഷകളിന്മേൽ - ഒരു പ്രോഗ്രാമിന്റെ ഒരു വർഷത്തെ ഒരു സെമസ്റ്റർ (റഗുലർ /സപ്ളിമെന്ററി) പരീക്ഷയുടെ, ഒരു സെന്ററിലെ/അഫിലിയേറ്റഡ് കോളേജിലെ എല്ലാ വിദ്യാർത്ഥികളുടെയും കൺസോളിഡേറ്റഡ് വിവരങ്ങൾക്ക് 250/- രൂപ ഫീസ് ഈടാക്കുന്നതിനും ഒന്നിലധികം സെന്ററുകളുടെ വിവരങ്ങൾക്ക് പ്രത്യേകം ഫീസ് ഈടാക്കുന്നതിനും ,*

*5.അക്രഡിറ്റേഷൻ/റീ അക്രെഡിറ്റേഷൻ ഏജൻസികൾക്ക് സമർപ്പിക്കുന്നതിനായുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് RTI പ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക്, ഓരോ രേഖകൾക്കും നിശ്ചയിച്ചിട്ടുള്ള ഫീസ് സഹിതം അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദേശം നൽകുന്നതിനും, ഫീസടച്ച് അപേക്ഷ സമർപ്പിക്കുന്ന പക്ഷം ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനും" .*

തദനുസരണം പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ / പഠന വകുപ്പുകൾ

2. വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3. രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എമാർ

4. എ.ആർ / ഡി.ആർ / ജെ.ആർ (അക്കാദമിക്/ പരീക്ഷ)

5. വിവിധ അക്കാഡമിക്/ടാബുലേഷൻ സെക്ഷനുകൾ

6. എസ് എസ് 1/ എസ് എസ് 2/എ റ്റി ആർ

Draft #2 of File 13173/AC A1-2/2023/AC A 1 (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 27-Apr-2023 02:33 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

7. എക്സാം ഓഡിറ്റ് I/II/III എക്സാം ക്യാഷ്/അക്കൌണ്ട്സ് 3/5

8. ഐ.ക്യൂ.എ.സി /ഐ റ്റി സെൽ 1/2

9. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/റെക്കോർഡ് സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 13173/AC A1-2/2023/AC A 1 (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 27-Apr-2023 02:33 PM - Page 3